പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 213 10.12.2014 ലെ മറുപടിക്ക്

**പട്ടികജാതി കുടുംബങ്ങൾക്ക് വീട്ടു നിർമ്മാണം പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. ടി.വി.രാജേഷ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീട്ടു വയ്ക്കാനുള്ള പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ ഭൂരിഭാഗവും നിർമ്മാണം പാതി വഴിയിൽ നിലച്ച സ്ഥിതിയാണുള്ളതെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ 15% ത്തോളം വീടുകളുടെ നിർമ്മാണം പാതിവഴിയിൽ നിലച്ചതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നിർമ്മാണം പൂർത്തീകരിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇവയുടെ പണി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; | (ബി) | ഭവനനിർമ്മാണ സാധനങ്ങളുടെ വിലയിലും, തൊഴിൽകൂലിയിലുമുണ്ടായ വർദ്ധനവ്, സാധനങ്ങൾ പണിസ്ഥലത്ത് എത്തിക്കുന്നതിനുള്ള കൂലിയിലെ വർദ്ധനവ്, ഗുണഭോക്താക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവ കാരണമാണ് ഭവനനിർമ്മാണം പൂർത്തിയാകാത്തത്. |
| (സി) | വീട്ടു നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരെ സഹായിക്കാനായി അനുയോജ്യമായ പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ? | (സി) | ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന ധനസഹായം അപര്യാപ്തമാണെന്ന് കണ്ടതിനെ ത്തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011-12-ൽ ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായം 1 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായും തുടർന്ന് 2014-15 -ൽ 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2007-08 മുതൽ 2013-14 വരെ പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ച വീടുകളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നല്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ